



# കവിത – എന്റെ ജീവിതത്തിൽ

ഇടശ്ശേരി

ദാരിദ്ര്യത്തെയും കവിതയെയും സ്പർശിക്കാതെ സ്വന്തം ജീവിതത്തെക്കുറിച്ച് എന്തെങ്കിലും ഉപന്യസിയ്ക്കൂ എന്നൊരാൾ ആവശ്യപ്പെട്ടാൽ എന്റെ മുഖം മൂകമാകും, ലേഖനം വെള്ള ക്കടലാസ്സും. നിത്യോപജീവനത്തിനുവേണ്ടി ഏർപ്പെട്ട കഠിനസമരങ്ങളും എന്നെത്തന്നെ മറന്ന് സോല്ലാസം വിഹരിച്ച കവിതാമണ്ഡലങ്ങളും കൂടി സുദീർഘവും സുവിസ്തരവുമാക്കിയ ഈ ജീവിതമാണ് എന്റെ സമ്പാദ്യം. ഇതിൽനിന്നു കടന്നുപോകുമ്പോൾ പാഥേയമായി കരുതാൻ പ്രിയവും വിപ്രിയവുമായി എനിക്കൊരു കനത്ത സമ്പത്തുണ്ട്.

1921 ൽ അച്ഛൻ മരിച്ചു, എന്നെ ഹൈസ്ക്കൂളിൽ അയച്ചു പഠിപ്പിക്കണമെന്ന് അമ്മ വളരെ മോഹിച്ചിരുന്നു. എന്തെങ്കിലും പണിയെടുത്ത് അമ്മയ്ക്കു നാഴിക്കഞ്ഞി കൊടുക്കണമെന്ന് ഞാനും മോഹിച്ചിരുന്നു. ഈ രണ്ടു വാചകങ്ങളും സ്വയം പൂർണ്ണങ്ങളാണ്.

തൊഴിൽതേടി ഞാൻ ആലപ്പുഴയിലെത്തി. എന്റെ മാതൃഷ്വസേയന്റെ കീഴിൽ എഴുതാനി രുന്നു. ആ തൊഴിൽ നിത്യഭക്ഷണത്തിന്റെ കാര്യത്തിൽ ഒരുറപ്പ് എന്നതിൽ കവിഞ്ഞൊന്നുമായിരു ന്നില്ല. അക്കാലത്താണ് കവിത സുശക്തമായ സ്വന്തം ആകർഷണ സീമയിലേക്കു എന്നെ വലിച്ചിട്ടത്.

അതിന്നുമുമ്പ് നിത്യപാരായണം ചെയ്തിരുന്ന 'അധ്യാത്മരാമായണം', രസംകൊണ്ടുമാത്രം പലതവണ വായിച്ചിരുന്ന എഴുത്തച്ഛന്റെ 'ഭാരതം', ചെറുശ്ശേരിയുടെ 'കൃഷ്ണപ്പാട്ട്' നടുവത്തിന്റെ നാടകം, വെൺമണിമാരുടെ കൃതികൾ, കുഞ്ചൻനമ്പ്യാരുടെ 'ശ്രീകൃഷ്ണചരിതകാവ്യം', ഏതാനും തുള്ളൽക്കഥകൾ, സമകാലീനകൃതികളിൽ വള്ളത്തോളിന്റെ 'ശിഷ്യനും മകനും' – കഴിഞ്ഞു, കാവ്യലോകത്തിൽ ഇവ കൂടാതെയും ചിലതുണ്ടെന്ന് പാഠപുസ്തകമായിരുന്ന പദ്യപാഠാവലി യിലെ കഷണംകവിതകൾ തന്ന ഊഹമല്ലാതെ പദ്യസാഹിത്യത്തെക്കുറിച്ച് എനിക്കൊരു രൂപവുമുണ്ടായിരുന്നില്ല. പക്ഷേ എന്നെപ്പോലെത്തന്നെ ആലപ്പുഴ നഗരത്തിൽ തൊഴിൽ തേടിവന്ന മറ്റൊരു ചെറുപ്പക്കാരൻ – ശ്രീ മാഞ്ഞൂർ പരമേശ്വരൻപിള്ള – സുവിസ്തൃതകാവ്യ സാമ്രാജ്യത്തി ലേക്കും കാവ്യചരിത്ര ഭാഗങ്ങളിലേക്കും എന്നെ കൂട്ടിക്കൊണ്ടുപോയി. മാത്രമല്ല, അദ്ദേഹം, എന്നിൽ കേവലം ശൈശവാവസ്ഥയിലായിരുന്ന കവിതാവാസനയെ ഉത്തേജിപ്പിക്കുകയും കാവ്യസരണിയിൽ കൈപിടിച്ചു നടത്തുകയും ചെയ്തു.

സ്വാഭാവികമായും എന്റെ ദുർവ്വാസനയെയും അനഭിലഷണീയമായ കൂട്ടുകെട്ടിനെയും തൊഴിൽപ്പുരയിലെ ഗുരുനാഥന്മാർ അഭിനന്ദിച്ചില്ല. കക്ഷികളുമായി ഇടപഴകിയും കോടതി ക്കാര്യങ്ങൾ പഠിച്ചും 'വിളവു'കൾ സ്വായത്തമാക്കിയും മുന്നേറേണ്ട ഒരു തൊഴിലിൽനിന്ന് അമ്മായിശ്ലോകങ്ങളുടെ സ്വാധീനവലയത്തിലേക്കു ഒളിച്ചോടിപ്പോകുന്നതിനെ യാഥാർത്ഥത്തിൽ ഗുണകാംക്ഷികളായ ആരും ആക്ഷേപിക്കുകതന്നെ ചെയ്യും. ഒരു കോയിത്തമ്പുരാനോ ഒരു തിരുമേനിയോ, അല്ലാതെ സാധാരണക്കാരൻ കവിയായാൽ അന്നത്തെ ബഹുജനം അയാളെ കവിതക്കാരൻ എന്നാണ് പറയാറുള്ളത്. ആ വാക്കുച്ചരിക്കുമ്പോൾ ചുണ്ടുകൾക്കുണ്ടാവുന്ന സവിശേഷവക്രത അക്ഷരനിബന്ധത്തിന്ന് ആകാത്ത ഭാവാർത്ഥങ്ങളെ തികച്ചും പ്രസ്പഷ്ടമാക്കു കയും ചെയ്തിരുന്നു. നല്ല കൈയക്ഷരവും സാമാന്യം വകതിരിവുമുള്ളതുകൊണ്ട് നന്നാവാനുള്ള സാഹചര്യം തികഞ്ഞ ഒരു പയ്യൻ, സംസ്കൃതവ്യുൽപത്തി പോലുമില്ലാത കവിത കമ്പത്തിലേയ്ക്ക് വഴിപിഴച്ചുപോകുന്നതു കണ്ടപ്പോൾ വിധിയാംവണ്ണം പലവുരി ആക്ഷേപിക്കപ്പെട്ടു. ഗുരു ജനങ്ങളുടെ മുമ്പിൽ വിനയംമാത്രം പ്രദർശിപ്പിച്ചുപോന്ന ആ നിർഭാഗ്യവാൻ കവിതയെ കുറെക്കൂടി അന്തരാത്മാവിലേയ്ക്ക് ഉൾവലിക്കുകയും രഹസ്സമാഗമങ്ങൾക്കുള്ള എല്ലാ വൈകാരിക പാരവശ്യത്തോടും കൂടി ആ കട്ടിച്ചുമരുകൾക്കുള്ളിൽവെച്ച് അവളുടെ അക്രീത ദാസനായി ക്കൊള്ളാമെന്ന് പലവുരു പ്രതിജ്ഞയെടുക്കുകയും ചെയ്തു. ഫലം നാലഞ്ചുകൊല്ലം പരിശീലിച്ച വക്കീൽഗുമസ്തൻ പണിയിൽനിന്ന് കുറച്ച് കള്ളപ്പേര് മാത്രം പൊതിഞ്ഞെടുത്ത്, എന്നെ കൺനിറയെ യാത്രയാക്കിയ അമ്മയുടെ സ്മരണമാത്രം കാത്തുനിന്നിരുന്ന സ്വന്തം വീട്ടിന്റെ കോലായിൽത്തന്നെ തിരിച്ചെത്തലായിരുന്നു.

പക്ഷേ, ആ നാലഞ്ചുകൊല്ലം കവിതയെ സംബന്ധിച്ചിടത്തോളം എന്റെ ജീവിതത്തിലെ സുവർണ്ണദശയായിരുന്നു. മലയാള സാഹിത്യത്തിൽ അന്നു പ്രമുഖങ്ങളായി ഗണിച്ചിരുന്ന മഹാകാവ്യങ്ങളും ഖണ്ഡകാവ്യങ്ങളും കാവ്യപരിഭാഷകളും വായിക്കാനും പലതും പഠിക്കുവാനും പ്രസിദ്ധങ്ങളായ ചില സംസ്കൃതകാവ്യങ്ങളുടെ ആദ്യസർഗ്ഗങ്ങൾ പരിചയപ്പെടുവാനും തരമായി. കവനകലാപരിശീലനത്തെ സംബന്ധിച്ചിടത്തോളം സംസ്കൃത





ഭാഷാനഭിജ്ഞതമൂലം ഈ ജന്മം വൃഥാവിലായെന്നും ജന്മാന്തരത്തിലെങ്കിലും നാലാൾ അറികെ ഒരു കവിയാകാമെന്നും ദൃഢമായി വിശ്വസിക്കുകയും ചെയ്തു.

അഹല്യ, മാലിനി, ഒരുലത ഇങ്ങനെ മൂന്നു ഖണ്ഡകാവ്യങ്ങൾ അതിലിടയ്ക്ക് ഞാൻ എഴുതിക്കഴിഞ്ഞിരുന്നു. മൂന്നോ നാലോ കൊല്ലങ്ങൾക്കു ശേഷം അതിൽ 'അഹല്യ' പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായി. പക്ഷേ, കവിയുടെയും കാവ്യത്തിന്റെയും പേരു മാറിയിരുന്നു. ഞാൻ പ്രതിഷേധിച്ചില്ല. വേനൽക്കാലം അഭിനന്ദിക്കാൻ നില്ക്കേ, തുരുതുരെ പൂക്കൾ വിരിയുകയും കൊഴിയുകയും ചെയ്യുമ്പോൾ ഒരു പൂവെരിഞ്ഞിയ്ക്ക്, തന്റെ ഒരു കുടന്ന പൂക്കൾകൊണ്ട് അടുത്ത കുറ്റിക്കാട്ടിലെ ഏതെങ്കിലും പൂക്കാച്ചെടി സൗരഭ്യക്കച്ചവടം നടത്തുന്നതിനെപ്പറ്റി എന്തു നഷ്ടബോധമുണ്ടാവാനാണ്? വേണമെന്നുണ്ടെങ്കിൽ അത്തരം പത്തു കാവ്യങ്ങൾകൂടി ആർക്കെങ്കിലും എഴുതിക്കൊടുക്കാം! എന്നല്ല, ആ പ്രസിദ്ധീകരണം യഥാർത്ഥത്തിൽ എനിക്കു സഹായകവുമായിരുന്നു. സംസ്കൃതമറിയാത്ത എന്റെ കാവ്യം അച്ചടിച്ചു എന്നു മാത്രമല്ല ഒരു പ്രമുഖ ദിനപത്രം അതിനെക്കുറിച്ചു നല്ലൊരഭിപ്രായവും പറഞ്ഞു! എന്റെ ആത്മവിശ്വാസത്തെ ഇത്രയും ഉയർത്തിത്തന്ന മറ്റൊരു സംഭവമുണ്ടായിട്ടില്ല. തുടർന്നു പിന്നീടെഴുതിയ 'ജാനകി' എന്ന വിലാപകൃതിയും, 'അഹല്യ'ക്കൊപ്പം എഴുതി വെച്ചിരുന്ന 'മാലിനി' എന്ന ഖണ്ഡകാവ്യവും പണ്ഡിതാഗ്രേസരനായിരുന്ന ശ്രീമദ്വാഗ്ഭടാനന്ദ ഗുരുദേവരുടെ മേൽനോട്ടത്തിൽ നടന്ന ആത്മവിദ്യാകാഹളത്തിൽ പ്രസിദ്ധീകരിക്കയും അതിന്റെ പത്രാധിപർ ഏറ്റവും പ്രോത്സാഹമായവിധം അഭിനന്ദിച്ച് എനിക്ക് എഴുതുകയും ചെയ്തതോടെ ജന്മാന്തരത്തിൽ മാത്രം ഞാൻ പ്രതീക്ഷിച്ചതെന്തോ ആ ജീവിതസാഫല്യം ഇജ്ജന്മത്തിലെ ആദ്യദശകങ്ങളിൽത്തന്നെ എനിക്ക് കൈവരികയും ചെയ്തു.

ഭക്ഷണത്തിന്നു വേണ്ടിയുള്ള സമരം അപ്പോഴും കൊടുമ്പിരിക്കൊള്ളുകയായിരുന്നു. പൊന്നാനിയിൽ വെച്ചാണെന്നു മാത്രം. കാവ്യനിർമ്മിതിക്കുള്ള കഴിവ് എന്നിൽ കുറച്ചു ധാർഷ്ട്യം ഉളവാക്കിയിരുന്നു. ചിരപരിശീലനം കൊണ്ട് സ്വായത്തമായിരുന്ന വിനയം ആ ധാർഷ്ട്യത്തെ ഒരു കനത്ത ലോഹത്തകിടുകൊണ്ടെന്നപോലെ പൊതിഞ്ഞുനിന്നു. എന്നാലും 'ഞാൻ മറ്റുള്ളവരെപ്പോലെയല്ല' എന്നൊരു ബോധം വളരുകയായിരുന്നു. ഈ ബോധം ഒരു തപശ്ചര്യയ്ക്കുവേണ്ട ഏകാന്തത തന്നുവെങ്കിലും സാമൂഹ്യതലത്തിൽ എന്നെ ഒറ്റപ്പെടുത്തുകയും അതുവഴി നിരവധി നിർഭാഗ്യങ്ങൾക്ക് വാതിൽ തുറന്നിടുകയും ചെയ്തു. പലതും ചെയ്യാൻ വയ്യാതായി. ക്രൂരമായ വിശപ്പിന്റെ വളഞ്ഞ ദംഷ്ടകളിൽനിന്ന് സ്വാധീനങ്ങളായ സത്വങ്ങൾ പാഞ്ഞൊഴിയുന്നതിനെ കനത്ത നെടുവീർപ്പോടെ അനുവദിക്കേണ്ടിവന്നു. പോരെങ്കിൽ വളർന്നുവന്നിരുന്ന ഗാന്ധിസത്തിന്റെ സുശക്തങ്ങളായ പ്രേരണകളും എന്റെ വിചാരമണ്ഡലത്തെ നിർദ്ദയം ആക്രമിച്ചുകൊണ്ടിരുന്നു. ഇണമുണ്ടില്ലാതെ, കിടക്കാനിടമില്ലാതെ, തൊഴിലില്ലാതെ, അങ്ങനെ പലതുമില്ലാതെ നടക്കുന്ന കാലത്ത് എന്നെ ആവശ്യമുള്ള രണ്ടു വ്യക്തികളുണ്ടായി: ഒന്ന്, ശ്രീ. ഇ. നാരായണൻ, മുഴുവൻ വിടരുന്നതിന്നു മുമ്പ് കൊഴിഞ്ഞുപോയ കവനകലയുടെ അപൂർവ്വപുഷ്പം; രണ്ട്, ശ്രീ. പി. സി. കുട്ടികൃഷ്ണൻ, എന്നെപ്പോലെത്തന്നെ ധാർഷ്ട്യവും തന്മൂലം ഏകാന്തതയും ബാധിച്ചു പ്രായത്തിന്നൊക്കാത്ത വിചാരവ്യഗ്രതകളിൽ തന്നെത്തന്നെ തപ്പിനടന്നിരുന്ന ഒരു വിദ്യാർത്ഥി. ഈ കുട്ടികൾ എന്നെ ജീവിപ്പിച്ചു, ജീവിതത്തിലും കവിതയിലും.

പൊന്നാനിയിൽ ആലപ്പുഴ ആവർത്തിക്കുകയായിരുന്നു. മറ്റെല്ലാം മറന്ന കാവ്യാനുശീലനം. 1930 ന്നു മുമ്പുതന്നെ സ്ഥിരപ്രതിഷ്ഠ നേടി കഴിഞ്ഞവരും 1930–ന്നും 1940–ന്നും ഇടയ്ക്ക് കാവ്യലോകത്തിലേയ്ക്കു കടന്നുവന്നവരുമായ കവികളെ ഞങ്ങൾ ഒന്നിച്ചിരുന്നു പഠിക്കുകയും വിലയിരുത്തുകയും ചെയ്തു. കൗതുകം കൊണ്ടുമാത്രം, പലപ്പോഴും കാവ്യപ്രപഞ്ചത്തിലെ അത്യാഗാധതലങ്ങളിൽ രാപ്പകൽ ചുറ്റിത്തിരിഞ്ഞു. ഒരു ലക്ഷ്യബോധവുമുണ്ടായിരുന്നില്ല. എല്ലാം വിചിത്രങ്ങളും രസാവഹങ്ങളുമായിരുന്നു. ബോധപൂർവ്വം യാതൊന്നും പഠിച്ചില്ല. വ്യവസായശീലം ഉണ്ടായിരുന്നില്ല. ഇത്രത്തോളമായ സ്ഥിതിക്ക് കുറച്ചു വ്യാകരണം പഠിച്ചാൽക്കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷേ, ചൊല്ലിത്തരാനുള്ള ഒരു ഗുരുവിനെയല്ല കിട്ടിയത്, ചൊല്ലിക്കൊടുക്കാനുള്ള ഒരു ശിഷ്യയെയാണ് – നന്നായി. അതിന്നുവേണ്ടിയെങ്കിലും ഏതാനും പാഠങ്ങൾ മനസ്സിരുത്തി വായിക്കുവാൻ തരമായി.

എനിക്ക് ആരാധ്യനായ കവി വള്ളത്തോൾ ആയിരുന്നു. ആ മഹാകവിയിൽനിന്നു പ്രവഹിച്ച സൗന്ദര്യദീപ്തി ഏതു നവാങ്കുരത്തെയാണ് ആര്യോഗ്യകരമായി വളർത്താതിരുന്നിട്ടുള്ളത്? പക്ഷേ, വിചാരഗതിയുടെ പുതുമയും ഊഷ്മളതയുംകൊണ്ട് ജി.യുടെ കവിതകൾ എന്റെ താത്പര്യത്തെ ആകർഷിച്ചു. മേഘം, കൊടുങ്കാറ്റ്, മദ്യമാരണം, ഓമനയുടെ അച്ഛൻ ഇങ്ങനെ അക്കാലത്തു പ്രസിദ്ധപ്പെടുത്തിയിരുന്ന പല കവിതകളിലും ഈ ഗുരുനാഥന്മാരുടെ പാദമുദ്രകൾ പ്രകടമായി കാണാം.





കവിതയെഴുത്ത് സഗൗരവമായ ഒരു കാര്യമായി പരിഗണിക്കാൻ തുടങ്ങിയത് ഏതാണ്ട് ഇക്കാലത്താണ്. ഈ 'കാര്യം' ജീവിതബാഹ്യമായ ഒന്നല്ലെന്നും സ്വന്തം ജീവിതത്തിന്റെ തുടിക്കുന്ന ഒരു ഭാഗം തന്നെയാണെന്നും, ഭാഗ്യംകൊണ്ട് അക്കാലത്ത് പരിചയപ്പെടാനിടയായ ശ്രീ. കുട്ടികൃഷ്ണമാരാരിൽനിന്ന് ഞാൻ പഠിച്ചു. സ്വന്തം ശബ്ദത്തിൽ, സ്വന്തം ആംഗ്യവിശേഷങ്ങളോടു കൂടി സംസാരിക്കു എന്ന് എന്നെ ശാസിച്ചത് അദ്ദേഹമാണ്.

ഞാനൊരു ഈശ്വരവിശ്വാസിയാണ്. എങ്കിലും എന്നെ എക്കാലവും അലട്ടിക്കൊണ്ടിരുന്ന വിശപ്പിനേയും സ്നേഹശൂന്യതയേയും പ്രതിപാദിക്കേണ്ടിവരുമ്പോൾ ആസ്തികസാധാരണമായ വിനയവും തത്ത്വശാസ്ത്രങ്ങളുടെ നേർക്കു വേണ്ട ബഹുമാനവും എന്നെ വിട്ടുപിരിയാറുണ്ട്. ഇതുകാരണം ഗാന്ധിജിയെപ്പിടിച്ചു പലപ്പോഴും ആണയിടാറുള്ള കവിയുടെ പല കവിതകളിലും ഗാന്ധിസത്തെ ധിക്കരിക്കുന്നതോ ആസ്തികതയെത്തന്നെ ചോദ്യം ചെയ്യുന്നതോ ആയ ആശയഗതികൾ ചിതറിക്കിടക്കുന്നതായിക്കാണം. ഗാന്ധിഭക്തനും മാർക്സിയൻ തത്വശാസ്ത്ര മെന്തെന്നു പഠിക്കാത്തവനുമായ ഒരുവൻ കേവലം വസ്തുനിഷ്ഠമായി എഴുതിപ്പോയ ചില കാവ്യങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രചരണസാഹിത്യശേഖരത്തിലേയ്ക്കു പാകമായി. ജീവിതപരാജയത്തിന് ഒരു കാരണംകൂടി: കോൺഗ്രസ്സുകാർക്ക് ഞാൻ ചുകന്ന പാർട്ടിക്കാരനാണ്; ചോപ്പന്നോ, ഞാൻ വെള്ളത്തൊപ്പിക്കാരനും! പക്ഷേ മറന്നുകൂടാ, കവിയുടെ സ്വൈരജീവിതത്തിന് ഇതിലേറെ ഉപകരിച്ചിട്ടുള്ള മറ്റൊന്നില്ല.

കവിത എനിക്ക് എന്റേതായ ഒരു കുടുംബത്തെയും ഉണ്ടാക്കിത്തന്നു. ശങ്കരാചാര്യരുടെ കീർത്തനങ്ങൾ മുതൽ പുഷ്പബാഷവിലാസത്തിന് ഞാൻ കുത്തിക്കുറിച്ചിട്ടിരുന്ന പരിഭാഷ വരെയുള്ള നിരവധി കൃതികൾ പദ്യരൂപത്തിലാണെന്നുള്ള ഒരേ കാരണംകൊണ്ട് ഒരേ നോട്ടുപുസ്തകത്തിൽ പകർത്തുവെയ്ക്കാൻ മാത്രം കവിതക്കമ്പവും വിഡ്ഢിത്തവുമായി ഒരു വധുവിനെ എനിക്കു വേണ്ടിത്തന്നെയാവണം ബ്രഹ്മാവു കരുതിവെച്ചിരുന്നത്.

പണമുണ്ടാക്കുക എന്നതായി ജീവിതത്തിലെ മുഖ്യപ്രശ്നം. അതിന്നൊരു മാർഗ്ഗമെന്ന നിലയിൽ അതേവരെ എഴുതിയിരുന്ന ഖണ്ഡകവിതകളിൽനിന്ന് തെരഞ്ഞെടുത്ത കുറെ കൃതികൾ 'അളകാവലി' എന്ന പേരിൽ പുസ്തകമാക്കി. അതേവരെയും പിന്നീടു മുഖ്യമായും എന്റെ കവിതകൾ പ്രസിദ്ധപ്പെടുത്തിയിരുന്ന മാതൃഭൂമിയാണ് അച്ചടി നിർവ്വഹിക്കുന്നത്. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ചേർക്കുന്ന കവിതകൾക്ക് ചുരുങ്ങിയ തോതിലെങ്കിലും പ്രതിഫലം തരാൻ തുടങ്ങിയിരുന്നു. അങ്ങനെ ഈട്ടംകൂടിയിരുന്ന കാശും അന്നന്നു ഹരജികൾ എഴുതിക്കൊടുത്തു കിട്ടിയ കാശുംകൊണ്ട് അച്ചടി കൂലി തീരാതെ വളരെക്കാലം ആ പുസ്തകങ്ങൾ പ്രസ്സിലെ ഗർഭഗൃഹത്തിൽ കിടന്നു. മാനേജർ ശ്രീ കൃഷ്ണൻനായർ സദയം വിട്ടുതന്ന 25 കോപ്പികൾ കേരളത്തിലെ പ്രമുഖ കവികൾക്കും എന്റെ ചില സുഹൃത്തുക്കൾക്കും അയച്ചുകൊടുത്തു ഞാൻ കവിപ്രതിഷ്ഠ നേടി, ഭാവിഭാഗ്യങ്ങളെ സ്വപ്നം കാണാനുള്ള അർഹത സമ്പാദിച്ചു. എന്റെ ഒരു മിത്രം, ശ്രീ. ഇ. പി. സുമിത്രൻ (മാസ്റ്റർ) ഇതിലിടയ്ക്ക് മാനേജരെ സമീപിച്ച് 100 കോപ്പിയെങ്കിലും വിട്ടുതരാനപേക്ഷിച്ചു. അതു വിറ്റ് അച്ചടിക്കൂലി തീർത്ത് ബാക്കി പുസ്തകങ്ങൾ കൈക്കലാക്കാ മെന്നായിരുന്നു പ്ലാൻ. സത്യത്തിന്നു നേരുനീക്കം വരുത്താത്ത മാനേജർ സാനുഭാവം അന്വേഷിച്ചു.

'മാസ്റ്ററുടെ കൈയിൽ എത്ര സംഖ്യയുണ്ട്?'

'തല്ക്കാലം ഒമ്പതുറുപ്പിക'

'എന്നാൽ അതടച്ചു തല്ക്കാലം 12 പുസ്തകം വാങ്ങിക്കോളൂ. അതു വിറ്റ വില 9 ക. വീണ്ടും അടച്ചാൽ 12 പുസ്തകം കൂടി എടുക്കാം. അങ്ങനെ ക്രമേണ എല്ലാ പുസ്തങ്ങളും വിട്ടെടുക്കാമല്ലോ.'

മാസ്റ്റർ ആ സൗമനസ്യവും 12 പുസ്തകങ്ങളും വാങ്ങിപ്പോന്നു.

പിന്നീടൊരിക്കൽ ശ്രീ. എസ്.കെ. പൊറ്റക്കാട്ട് ഈ വിവരമറിഞ്ഞു പ്രസ്സിൽ പോയി എന്റെ കടം വീട്ടിപ്പോഴേക്ക് ഏറെക്കാലം കഴിഞ്ഞിരുന്നുവെങ്കിലും മാനേജർ പലിശ വസൂലാക്കിയില്ല!

മറ്റൊരു സുഹൃത്ത് മുഖേന കെ.ആർ. ബ്രദേഴ്സ് എന്റെ 'നൂലാമാല' എന്ന നാടകം ഏറ്റെടുത്ത് 250 ക. തന്നു. സാഹിത്യത്തിന്റെ പേരിൽ നടാടെ കൈനിറയെ കിട്ടിയ ഈ സമ്പാദ്യം എന്റെ ജീവിതത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചു. തുടർന്ന് എൻ.ബി.എസ്. പല പുസ്തകങ്ങളും പുറത്തിറക്കി. കവിതയെഴുത്ത് ഒരു ബാധ്യതയ്ക്കു പകരം ഒരു സമ്പാദ്യമാർഗ്ഗമായി മാറി. പക്ഷേ ഒരിക്കലുമത് പ്രോത്സാഹജനകമാംവിധം ഉയർന്നില്ല.

എന്നെയും എന്റെ കവിതയെയും സഹൃദയലോകത്തിൽ ഏറെക്കുറെ പരിചയപ്പെടുത്തിയത് ഞാനെഴുതുകയും അഭിനയിക്കുകയും ചെയ്ത 'കൂട്ടുകൃഷി' എന്ന നാടകമാണെന്നു തോന്നുന്നു. പ്രസിദ്ധി മാത്രമല്ല, കവനകലയ്ക്ക് വളരെയധികം പ്രോത്സാഹനവും അക്കാലത്തു കൈവന്നു. നടന്മാർ അക്കിത്തം, കടവനാടൻ, പി.സി. തുടങ്ങിയ കവികളും, ഗോപാലക്കുറുപ്പ്, പത്മനാഭൻ മാസ്റ്റർ തുടങ്ങിയ ധാരാളം സഹൃദയരുമായിരുന്നു. റിഹേഴ്സലിന്നുവേണ്ടി ഒത്തുകൂടുന്ന രംഗങ്ങൾ,





ഗ്രാമാന്തരങ്ങളിൽ അരങ്ങേറ്റത്തിന്നു പോകുമ്പോൾ ഒരുമിച്ചുകൂടുന്ന സന്ദർഭങ്ങൾ, നാടകാഭിനയത്തിന്നു ശേഷമുള്ള പ്രശാന്തനിശീഥങ്ങൾ, വഴിവക്കുകൾ, വണ്ടിമുറികൾ എല്ലാം കാവ്യകലയെ സംബന്ധിച്ച ചർച്ചാവേദികളായി മാറിക്കഴിയുമ്പോൾ എന്റേതായ സകല പ്രാരബ്ധങ്ങളും മറക്കുകയും ജന്മാന്തരങ്ങളിൽ പോലും ആവർത്തിച്ച് ആസ്വദിക്കാൻ മോഹിക്കുന്ന ആനന്ദാനുഭൂതിയിൽ മുഴുകുകയും ചെയ്തിരുന്നു. ജീവിതത്തിൽ കാവ്യൈകനിരതനായിക്കഴിഞ്ഞ മൂന്നാം ഘട്ടമാണത്.

ക്രമേണ ദാരിദ്ര്യത്തിന്റെ ദംഷ്ട്രകൾക്കു മൂർച്ച കുറഞ്ഞുവന്നു. കവിതയുടെ പേരിൽ കൊല്ലത്തിൽ 600 ക. പ്രകാരം കേന്ദ്ര ഗവർമ്മെണ്ട് നിരുപാധികമായി തരുവാൻ തുടങ്ങിയതോടെ അത്യല്പം മാത്രം കൊള്ളുന്ന എന്റെ കൈക്കുമ്പിളിൽ നനവു വറ്റാതെ തന്നെ നിന്നുതുടങ്ങി.

വളരെ കരുതലോടുകൂടിയാണ് ഇനിയുള്ള വരികൾ കുറിക്കുന്നത്. കവിതയോടുണ്ടായിരുന്ന വൈകാരികബന്ധം ക്രമേണ ശ്ലഥമാവുകയാണ്. ഒരു നല്ല കവിയാകണമെന്നതു മോഹം, സ്വന്തം കടമകൾ കഴിയുന്നതും നിർവ്വഹിക്കുന്ന ഒരു ഗൃഹസ്ഥനാകണമെന്നതോ എന്റെ ധർമ്മവും. സ്വന്തം കാമുകൻ തന്നെ ഒഴിച്ചു മറ്റെന്തിനെയെങ്കിലും ശ്രദ്ധിക്കുന്നതിനെ പൊറുക്കുന്നവളല്ല കവിത. അവൾ പരിപൂർണ്ണമായ ആത്മാർപ്പണം ആവശ്യപ്പെടുന്നു. സമുദായമദ്ധ്യത്തിൽ കവി നേടുന്ന മാന്യതയല്ല, തന്നോടു കവിക്കുള്ള ആത്മാർത്ഥതയത്രേ കവിത കാര്യമായെടുക്കുന്നത്. ഏകാന്തപഥികനായ ഒരു കവി ഒരു മാന്യപൗരനാകണമെന്ന് ആഗ്രഹിക്കുമ്പോൾ ആ സമൂഹജീവി ഒരു ധർമ്മസങ്കടത്തിന്റെ വക്കിലാണ് നില്ക്കുന്നത്. അവൻ രണ്ടാലൊന്നു ത്യജിച്ചേ പറ്റൂ. ഏതിനെ വേണം? ഈ തീരുമാനത്തെ ആശ്രയിച്ചാണ് കവിത്വത്തിന്റെ നില്പ്. എനിക്കിന്നും തീരിമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല.

ഒരു കവി ജീവിക്കുന്നു എന്നതിന് എന്താണർത്ഥം? അയാൾ സ്വന്തമായി പ്രപഞ്ചങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. ആ സൃഷ്ടികർമ്മത്തിൽ നിന്നു വ്യതിരിക്തമായ ജീവിതത്തെ അവർ വ്യാധധർമ്മമായി കരുതുന്നു, ധർമ്മശാസ്ത്രമനുസരിച്ച് അതെത്ര വിശിഷ്ടമായാലും. ആ വ്യാധധർമ്മത്തിൽനിന്ന് എത്രയും വേഗത്തിൽ ഓടിയകലാനാവും കവി ആഗ്രഹിക്കുക. ആദ്യകവിക്കു മഹർഷിമാരുടെ അനുഗ്രഹത്താൽ അതിന്നൊരവസരം കിട്ടിയത് പ്രസിദ്ധമാണല്ലോ. 'താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചിടുകെന്നേ വരൂ' എന്നു പറയാൻ എന്റെ നിഷാദിനി കൂട്ടാക്കാത്തതു കൊണ്ട് ഞാൻ വ്യാധധർമ്മം തന്നെ തുടരുന്നു.

അങ്ങനെ എന്റെ കവിത വ്യസനകരമായ വിധം പരാജയപ്പെടാതെ വയ്യ. അവൾ തിരിഞ്ഞു നോക്കിയും കണ്ണിൽ വെള്ളം നിറച്ചും ഇറങ്ങിപ്പോവുകയാണ്. അവൾ എന്റെ ബാല്യകാല സഖിയാണ്.

അവൾ, അറിയപ്പെടുന്ന എന്റെ ജീവിതം തന്നെയാണ്. എനിക്കവളെ വിട്ടുകൂടാ. ഭൗതിക സമ്പത്തിൽ എനിക്കാഭിമുഖ്യമില്ലെന്നു ഞാനവളെ ആവർത്തിച്ചു ബോധ്യപ്പെടുത്തീട്ടുണ്ട്.

'ദാരിദ്ര്യം പെറ്റുകൂട്ടും പലപല പരിഹാ-
സ്യങ്ങൾ പാപങ്ങൾ തിങ്ങി-
ക്കൂരയ്ക്കൊക്കുന്ന മജ്ജീവിത, മനുനിമിഷം
ഹന്ത, ശബ്ദായമാനം
ഹേ, ലക്ഷ്മീദേവി, കാൽത്താർകളിലടിയനിതാ
വീണിരക്കുന്നു, നീയും
കേറിക്കൂടൊല്ല, നിന്നോമനദുരിതശതം
കൂടിയും പെറ്റുകൂട്ടാൻ'

ഈ വരികൾ തികച്ചും ആത്മാർത്ഥതയോടെ കുറിച്ചതാണ്. പക്ഷേ, അവൾ തൃപ്തയല്ല. ഇത്രയും ശക്തിയുള്ള സംഘട്ടനം ജീവിതത്തിൽ വേറെ അനുഭവപ്പെട്ടിട്ടില്ല. എല്ലാം തകർന്നു പൊടിമണ്ണിൽ ലയിക്കലാണ് പ്രശ്നപരിഹാരം എന്നെനിക്കു തോന്നുന്നു.


വിശാലകേരളം